പഠനം ● ഷാനവാസ് കൊല്ലം

# ഭൂപരിഷ്കരണവും ഇസ്‌ലാമും

**ഭൂമി** മനുഷ്യന്റെ മൗലികമായ ആവശ്യമാണ്. ഉമ്മയുടെ വയറ്റിൽനിന്നും അവൻ പിറന്നു വീഴുന്നത് ഭൂമിയിലേക്കാണ്. ഓടിക്കളിക്കാനും ജീവിതം കെട്ടിപ്പടുക്കാനും ഓരോരുത്തർക്കും നിശ്ചിത ഭൂമി ആവശ്യമാണ്. അതിനാൽ ഭൂമിയുടെ ലഭ്യത ഓരോ മനുഷ്യന്റെയും മൗലികാവകാശമായ അംഗീകരിക്കപ്പെടണം. ഇത് ഉറപ്പുവരുത്തുന്ന ആശയപരമായ ഒരു പിൻബലം ഉണ്ടാവണം. വിഭവ ഉടമാവകാശവുമായി ബന്ധപ്പെട്ട ചർച്ചയിലൂടെയാണ് ആ ആശയം രൂപപ്പെട്ടുവരിക. ഉടമസ്ഥത വ്യക്തിക്കെന്ന് മുതലാളിത്തവും സമൂഹത്തിനെന്ന് കമ്യൂണിസവും പറയുന്നു. ഉടമസ്ഥത ദൈവത്തിന് എന്ന തത്ത്വമാണ് ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നത്. വിശുദ്ധ ഖുർആൻ ഈ കാര്യം അനേകം തവണ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട് (*ഖുർആൻ* 2:107, 3:26, 3:179). യഥാർഥവും ആത്യന്തികവുമായ ഉടമസ്ഥത ദൈവത്തിനാണ്; വ്യക്തിക്കോ സമൂഹത്തിനോ അല്ല എന്നാണ് അതിന്റെ അർഥം. ഉടമസ്ഥത ദൈവത്തിനാണ് എന്നതിന്റെ യുക്തി സ്രഷ്ടാവ് അവനാണ് എന്നതാണ്. ഈയൊരു തത്ത്വത്തിലൂടെ ഉടമസ്ഥതയെ സംബന്ധിച്ച പവിത്രമായ ഒരു കാഴ്ചപ്പാടാണ് രൂപപ്പെടുന്നത്. ഉടമസ്ഥത എന്ന സങ്കൽപത്തെ ദൈവവുമായി ബന്ധപ്പെടുത്തുന്നതിലൂടെ അത് ഒരുവശത്ത് ധാർമികതയുമായി സന്ധിക്കുന്നു. മറുവശത്ത് സ്വത്തിന്മേലുള്ള കണിശമായ ദൈവിക തീർപ്പുകളെ അംഗീകരിക്കേണ്ടത് അനിവാര്യമാക്കുകയും ചെയ്യുന്നു.

എന്നാൽ മുതലാളിത്തം പരമമായ ഉടമസ്ഥതയെ വ്യക്തിയിലേക്ക് ബന്ധിപ്പിക്കുന്നതിലൂടെ, അതിനെ അനിയന്ത്രിതമായ സ്വാർഥതയുമായി ബന്ധിപ്പിക്കുന്നു. വമ്പിച്ച അധാർമികതയുടെ സാധ്യത അവിടെ രൂപപ്പെടുകയും സ്വത്തിന്മേലുള്ള അസാന്മാർഗിക പ്രയോഗങ്ങളെ നിയന്ത്രിക്കാനുള്ള വഴി ഇല്ലാതായിത്തീരുകയും ചെയ്യുന്നു.

മറുവശത്ത് കമ്യൂണിസം സൃഷ്ടിക്കുന്നത് ഒരു പ്രതിതീവ്രതയാണ്. ഉടമപ്പെടുത്താനും,

> **മുതലാളിത്തം പരമമായ ഉടമസ്ഥതയെ വ്യക്തിയിലേക്ക് ബന്ധിപ്പിക്കുന്നതിലൂടെ, അതിനെ അനിയന്ത്രിതമായ സ്വാർഥതയുമായി ബന്ധിപ്പിക്കുന്നു. വമ്പിച്ച അധാർമികതയുടെ സാധ്യത അവിടെ രൂപപ്പെടുകയും സ്വത്തിന്മേലുള്ള അസാന്മാർഗിക പ്രയോഗങ്ങളെ നിയന്ത്രിക്കാനുള്ള വഴി ഇല്ലാതായിത്തീരുകയും ചെയ്യുന്നു.**
> **കമ്യൂണിസം സൃഷ്ടിക്കുന്നത് ഒരു പ്രതിതീവ്രതയാണ്. ഉടമപ്പെടുത്താനും, കൈവശം വെക്കാനുമുള്ള വ്യക്തിയുടെ ചോദനയെ അത് സമ്പൂർണമായി നിഷേധിക്കുന്നു. ഉൽപാദനത്തകർച്ചയും സാമ്പത്തിക മാന്ദ്യവും രൂപപ്പെടുന്നു. ഇവിടെയാണ് ഇസ്‌ലാമിക ദർശനം വ്യതിരിക്തമാവുന്നത്.**

**വ്യക്തി ഉടമാവകാശത്തെയും സാമൂഹിക ക്ഷേമത്തെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വ്യതിരിക്തമായ ഒരു സാമ്പത്തിക ദർശനമാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. മനുഷ്യവംശത്തിനാകമാനമായി ദൈവം സൃഷ്ടിച്ച സമ്പത്ത് ന്യായമായ രീതിയിലാണ് സമ്പാദിക്കേണ്ടത്. ന്യായത്തിന്റെയും നീതിയുടെയും എല്ലാ താൽപര്യങ്ങളും പാലിച്ചുകൊണ്ടേ കൈവശം വെക്കാൻ പാടുള്ളൂ എന്ന ബോധം ഇസ്‌ലാം വ്യക്തിയിൽ വളർത്തിയെടുക്കുന്നു.**

കൈവശം വെക്കാനുമുള്ള വ്യക്തിയുടെ ചോദനയെ അത് സമ്പൂർണമായി നിഷേധിക്കുന്നു. ഉൽപാദനത്തകർച്ചയും സാമ്പത്തിക മാന്ദ്യവും രൂപപ്പെടുന്നു. ഇവിടെയാണ് ഇസ്‌ലാമിക ദർശനം വ്യതിരിക്തമാവുന്നത്.

ഉടമസ്ഥത ദൈവത്തിനാണ് എന്നു പറഞ്ഞ് നിർത്തുകയല്ല, മനുഷ്യന്റെ സ്ഥാനം നിർണയിക്കുക കൂടി ചെയ്തു ഇസ്‌ലാം. ഇസ്‌ലാമിലെ പ്രാതിനിധ്യാവകാശം ഒരേ സമയം ഒരുപാട് സാധ്യതകളും അതേപോലെ അനേകം ബാധ്യതകളുമുള്ള ഒരു പദവിയാണ്. ഖുർആൻ പലരൂപത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട് (2:30, 57:7). ഇതാണ് ഉടമസ്ഥതയെ സംബന്ധിച്ച യഥാർഥവും അടിസ്ഥാനപരവുമായ സങ്കല്പം. എന്നാൽ വ്യാവഹാരികാർഥത്തിൽ മനുഷ്യന്റെ ഉടമസ്ഥതയിലേക്ക് ചേർത്താണ് നാം പ്രയോഗിക്കുക. ഖുർആനും അപ്രകാരം പ്രയോഗിക്കുന്നുണ്ട് (4:2, 4:5).

സ്വകാര്യ ഉടമസ്ഥതയെ ഖുർആൻ അംഗീകരിച്ചിരിക്കുന്നു. ഭൂമി വാങ്ങാനും കൈവശം വെക്കാനും കൈമാറാനും അനന്തരമെടുക്കാനുമെല്ലാം ഇസ്‌ലാം അനുവദിക്കുന്നുണ്ട്. സൂറ *അന്നിസാഇൽ* പ്രതിപാദിച്ചിരിക്കുന്ന വിപുലമായ അനന്തരാവകാശ നിയമങ്ങൾ തന്നെ സ്വകാര്യ ഉടമസ്ഥത ഉണ്ട് എന്നതിന്റെ തെളിവാണല്ലോ. അതിന്റെ എല്ലാ പവിത്രതയും പ്രാധാന്യവും ഇസ്‌ലാം വകവെച്ച് കൊടുത്തിരിക്കുന്നു. ധനാഢ്യനായ സഅ്ദുബ്നു അബീവഖാസിന് കടുത്ത രോഗം ബാധിച്ചു കിടക്കവേ സന്ദർശിക്കാനെത്തിയ പ്രവാചകനോട് അദ്ദേഹം ചോദിച്ചു: പ്രവാചകരേ, ഇക്കാണുന്ന രോഗം എന്നെ ബാധിച്ചിരിക്കുന്നു. ഞാനൊരു ധനാഢ്യനാണുതാനും. അവകാശിയായി ഒരു മകളല്ലാതെ മറ്റാരുമില്ല. എന്റെ സ്വത്ത് മൂന്നിൽ രണ്ട് ഭാഗം ദാനം ചെയ്യട്ടെയോ? നബി(സ) പ്രതിവചിച്ചു: അരുത്. അപ്പോൾ അദ്ദേഹം ചോദിച്ചു: എന്നാൽ പകുതി ദാനം ചെയ്യട്ടെയോ? അപ്പോഴും നബി(സ) പറഞ്ഞു: അരുത്. എന്നാൽ മൂന്നിലൊരു ഭാഗമായാലോ? നബി(സ): മൂന്നിലൊന്ന് ദാനമായി കൊടുത്തുകൊള്ളുക. മൂന്നിലൊന്ന് ഉപേക്ഷിച്ചു (മരണപ്പെട്ടു) പോവുന്നതാണ്, ഭിക്ഷാടകരായ ദരിദ്രരായി അവരെ ഉപേക്ഷിച്ചു പോകുന്നതിനേക്കാൾ പുണ്യം" (ബുഖാരി, മുസ്‌ലിം). ഒരാൾക്ക് സ്വന്തമായി സമ്പത്തുണ്ടാവുക, അതു മുഖേന സ്വയം പര്യാപ്തനായി അന്തസ്സോടെ ജീവിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് റസൂൽ അടിവരയിടുന്നു. മനുഷ്യ ജീവിതത്തിന്റെ ആധാരമെന്നാണ് ഖുർആൻ ധനത്തെ വിശേഷിപ്പിക്കുന്നത്(4:5). ഓരോ മനുഷ്യന്റെയും ജീവിതം നിലനിന്നുപോവാൻ ധനം ആവശ്യമാണ് എന്നർഥം. ഭൂമിയുടെ കാര്യത്തിലും ഇത് ബാധകമാണ്. സുരക്ഷിതമായി തലചായ്ച്ചുറങ്ങണമെങ്കിൽ അതിനു വേണ്ട മണ്ണ് സ്വന്തമായി ഉണ്ടാകണം. അതിനാൽ ഭൂമി മനുഷ്യന്റെ മൗലികമായ ആവശ്യമാണ്. അത് ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

## വ്യക്തിയും സമൂഹവും

സ്വകാര്യ ഉടമസ്ഥതയെക്കുറിച്ചാണ് പറഞ്ഞുവന്നത്. വ്യതിചലന സാധ്യതധാരാളമുള്ള ഒരു മേഖലയാണിത്. സ്വകാര്യ ഉടമസ്ഥത, സ്വത്ത് വ്യക്തികളിലും ചില കുടുംബങ്ങളിലുമൊക്കെ കേന്ദ്രീകരിക്കാനിടവരുത്തുന്നു. ഇത് ഇസ്‌ലാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നാണ് അന്വേഷിക്കേണ്ടത്.

ഇവിടെ ഇസ്‌ലാം രണ്ട് കാര്യങ്ങളാണ് മുന്നോട്ടു വെക്കുന്നത്. ഒന്ന്, ധാർമിക നിർദേശങ്ങൾ. രണ്ട്, നിയമവ്യവസ്ഥ. പൊതുവെ മനുഷ്യരെയെല്ലാം ഏകോദര സഹോദരങ്ങളായി ഇസ്‌ലാം കാണുന്നു(49:13, 4:1). അവരെല്ലാം പരസ്പരം സഹകരിച്ചും സ്നേഹിച്ചും നന്മയിൽ വർത്തിക്കേണ്ടവരാണ്(5:2), വിശ്വാസികൾ തമ്മിൽ കൂടുതലായി ചില ബന്ധങ്ങളുണ്ട്(49:10) എന്നെല്ലാം പറഞ്ഞുകൊണ്ട് പൊതുക്ഷേമവും അന്യരുടെ സ്വാസ്ഥ്യവും ഓരോരുത്തരുടെയും വിഷയമാക്കാൻ ഇസ്‌ലാം യത്നിക്കുന്നു. ഹദീഥുകൾ ഇക്കാര്യം കൂടുതൽ വിശദമായി പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക ഗവൺമെന്റ് ഇല്ലാത്ത സന്ദർഭങ്ങളിലും ഈ പ്രമാണങ്ങൾ ഒരു പ്രചോദന സ്രോതസ്സായി വർത്തിച്ചുകൊണ്ടേയിരിക്കും. അതുവഴി അനുകമ്പയും ദയാവായ്പും പരക്ഷേമ താൽപര്യവും എന്നും സമൂഹത്തിൽ പച്ച പിടിച്ചു നിൽക്കും.

മറുവശത്ത്, വ്യവസ്ഥാപിതമായ സമൂഹരൂപീകരണത്തിനുള്ള ആഹ്വാനം കൂടി ഇസ്‌ലാമിന്റെ ശക്തമായ ഉള്ളടക്കമാണ്. വ്യവസ്ഥയും ചിട്ടയും ഉള്ള, നന്മ നടപ്പിൽ വരുത്താനും തിന്മ പിഴുതെറിയാനും അധികാരമുള്ള ജനത എന്നതാണ് വിശ്വാസി സമൂഹത്തിന്റെ ഖുർആനിക ഭാഷ്യം.

ഇവിടെ ഇസ്‌ലാമിക ഗവൺമെന്റിനും ഖലീഫക്കും വിപുലമായ അധികാരങ്ങൾ ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നു. നീതിയും നന്മയുമാണ് ഇസ്‌ലാമിക ഗവൺമെന്റിന്റെയും ഇസ്‌ലാമിക സമൂഹത്തിന്റെയും പ്രചോദനം. വ്യത്യസ്ത ജാതി-മതവിഭാഗങ്ങൾ ഉൾപ്പെടുന്ന ജനത്തിനിടയിൽ സാമൂഹിക നീതിയും പൊതു നന്മയും നിലനിർത്തുന്ന നേതൃത്വ സംവിധാനം എന്നതാണ് ഇസ്‌ലാമിക ഗവൺമെന്റിനെക്കുറിച്ച വിഭാവന തന്നെ.

ഇസ്‌ലാമിന് അധികാരം ലഭിച്ചിരുന്ന നാളുകളിൽ ഭൂവിതരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരുന്ന നടപടികൾ പരിശോധിക്കുമ്പോൾ വിസ്മയകരമായ പല യാഥാർഥ്യങ്ങളും വെളിപ്പെടും. വളരെ പുരോഗമനപരവും ഫലപ്രദവുമായ നടപടികളാണ് പ്രവാചകനും ഖലീഫമാരും സ്വീകരിച്ചിരുന്നത് എന്ന് ബോധ്യമാവും.

പ്രവാചകൻ മദീനയിൽ ചെല്ലുമ്പോൾ അവിടത്തെ ജൂതന്മാരുമായി കരാറിലേർപ്പെട്ടിരുന്നു. എന്നാൽ ജൂതഗോത്രങ്ങളോരോന്നായി കരാർ ലംഘിക്കാനും ശത്രുക്കളുമായി ചങ്ങാത്തം കൂടാനും തുടങ്ങി. ഇതേതുടർന്ന് ഹിജ്റ 4-ാം വർഷം ബനുന്നളീർ ഗോത്രത്തിനെതിരെ ഉപരോധം ഏർപ്പെടുത്തി. 26 ദിവസത്തെ ഉപരോധത്തിനുശേഷം യുദ്ധം കൂടാതെ തന്നെ അവർ കീഴടങ്ങി. യുദ്ധം കൂടാതെ ശത്രുക്കളിൽനിന്നു ലഭിച്ച സ്വത്ത്, മക്കയിൽനിന്ന് തങ്ങളുടെ സ്വത്തുക്കളെല്ലാം ഇട്ടേച്ച് മദീനയിലേക്ക് പോയ മുഹാജിറുകൾക്ക് മാത്രമായി നബി(സ) പങ്കുവെ

ച്ചു. തീരെ ദരിദ്രരായ രണ്ടോ മൂന്നോ അൻസാറുകൾക്കും.

സമകാലികർക്ക് മാത്രമല്ല, പിൽക്കാലത്ത് വരുന്നവർക്കു കൂടി അവകാശം ലഭിക്കുന്ന രൂപത്തിൽ ദീർഘവീക്ഷണത്തോടുകൂടി ഭൂമി കൈകാര്യം ചെയ്തത് കാണാൻ സാധിക്കും. ഇറാഖിലെയും ശാമിലെയും ജയിച്ചടക്കിയ ഭൂപ്രദേശങ്ങൾ പട്ടാളക്കാർക്കിടയിൽ പങ്കുവെക്കാൻ ബിലാലും(റ) കൂട്ടരും ഉമറി(റ)നോട് ആവശ്യപ്പെട്ടു. ഉമർ(റ) അത് വിസമ്മതിച്ചു. തെളിവായി സൂറ ഹശ്റിലെ 'അവർക്കുശേഷം വന്നവർ..........' എന്ന ആയത്ത് ഓതി. എന്നിട്ടു പറഞ്ഞു: ''നിങ്ങൾക്കുശേഷം വരുന്നവരെ അല്ലാഹു ആ സ്വത്തിൽ അവകാശികളാക്കിയിരിക്കുന്നു. ഞാനത് നിങ്ങൾക്ക് വീതിച്ചു തന്നാൽ പിന്നീടു വരുന്നവർക്ക് ഒന്നുമുണ്ടാകില്ല. അദ്ദേഹം തുടർന്നു: ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ സൻആയിലുള്ള ഇടയ ബാലന് വരെ അവന്റെ അവകാശം എത്തിച്ചു കൊടുക്കുന്നതാണ്." (കിതാബുൽ ഖറാജ് 23:24).

ഇറാഖ് വിജയമുണ്ടായപ്പോൾ ഉമർ(റ) സഅ്ദിന് കത്തയച്ചു. അദ്ദേഹമെഴുതി: "സമരാർജിത സ്വത്തുക്കൾ തങ്ങൾക്കിടയിൽ വിതരണം ചെയ്യണമെന്ന് ജനം ആവശ്യപ്പെടുന്നതായി പറയുന്ന താങ്കളുടെ കത്ത് എനിക്കു കിട്ടി. ഈ കത്ത് കിട്ടിക്കഴിഞ്ഞാൽ, യുദ്ധത്തിൽ കിട്ടിയ സാധനങ്ങളും സാമഗ്രികളുമൊക്കെ ജനങ്ങൾക്കിടയിൽ വിതരണം ചെയ്തുകൊള്ളുക. എന്നാൽ ഭൂമിയും നദികളുമൊക്കെ മുസ്‌ലിംകളുടെ പൊതുസ്വത്തെന്ന നിലയിൽ ഗവർണർമാർക്ക് വിട്ടുകൊടുത്തേക്കുക. സമകാലികർക്കിടയിൽ നീ അത് വിതരണം ചെയ്താൽ പിന്നീടു വരുന്നവർക്ക് ഒന്നുമുണ്ടാകില്ല." (കിതാബുൽ ഖറാജ് : 24).

ഉമറി(റ)ന്റെ വാക്കുകൾ ശ്രദ്ധിക്കുക: പിൽക്കാലങ്ങളിൽ വരാനുള്ള തലമുറകളുടെ കാര്യം ഓർത്തില്ലെങ്കിൽ ഞാൻ ജയിച്ചടക്കുന്ന ഒരു നാടും നബി(സ) ഖൈബർ ഭൂമി വിതരണം ചെയ്തപോലെ വിതരണം ചെയ്യാതെ വിടുകയില്ലായിരുന്നു.

### കുത്തക പാടില്ല

ഭൂമിയുൾപ്പെടെയുള്ള ജീവിതോപാധികൾ ഓരോ മനുഷ്യന്റെയും ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമായ രൂപത്തിൽ ലഭ്യമാവേണ്ടതാണ്. ഇസ്‌ലാമിക ഭരണകൂടം ഇതിൽ തികഞ്ഞ ജാഗ്രത കാണിച്ചിരുന്നു. ഇത് ഒരു ഭരണകൂട നടപടി എന്നതിലുപരി ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തവുമായി ബന്ധപ്പെട്ട വിഷയമാണ് എന്നതിന് നാം അടിവരയിടേണ്ടതുണ്ട്.

ബനൂ നദീറിൽനിന്ന് ലഭിച്ച സമ്പത്ത് മുഴുവൻ ദരിദ്രരായ മുഹാജിറുകൾക്ക് വിതരണം ചെയ്ത പ്രവാചക നടപടിയെ നിരൂപണം ചെയ്തുകൊണ്ട് സയ്യിദ് ഖുതുബ് എഴുതുന്നു: "പ്രവാചകന്റെ പ്രസ്തുത നടപടിയിൽനിന്നും അതിനു ഖുർആൻ നൽകിയ വിശദീകരണത്തിൽനിന്നും ഒരു തത്ത്വം വ്യക്തമാകുന്നു; ഇസ്‌ലാമിന്റെ ഒരു മൗലിക തത്ത്വമാണത്. സമ്പത്ത് പരിമിതവൃത്തത്തിൽ കറങ്ങരുത്. സമ്പത്ത് ന്യൂനപക്ഷത്തിൽ കേന്ദ്രീകരിക്കപ്പെടുമ്പോൾ സന്തുലിതത്വം നിലനിർത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഭരണകർത്താവിന് അധികാരമുണ്ട്" (ഇസ്‌ലാമിലെ സാമൂഹിക നീതി 169-170).

''വിവിധ നാടുകളിൽനിന്ന് അല്ലാഹു അവന്റെ ദൂതന് നേടിക്കൊടുക്കുന്നതൊക്കെയും, അല്ലാഹുവിനും അവന്റെ ദൂതനും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാണ്. സമ്പത്ത് നിങ്ങളിലെ ധനികന്മാർക്കിടയിൽ മാത്രം ചുറ്റിക്കറങ്ങാതിരിക്കാനാണിത്...." (59:7).

മുതലാളിത്തം ലക്ഷ്യം വെക്കുന്ന തരത്തിലുള്ള സമ്പത്തിന്റെ കേന്ദ്രീകരണത്തെ തടയുകയും എല്ലാവരുടെയും ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമാകുന്ന തരത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കുമിടയിൽ സമ്പത്തിന്റെ വിതരണം ഉറപ്പുവരുത്തുകയാണ് ഈ സൂക്തം ചെയ്യുന്നത്.

വ്യക്തി ഉടമാവകാശത്തെയും സാമൂഹിക ക്ഷേമത്തെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വ്യതിരിക്തമായ ഒരു സാമ്പത്തിക ദർശനമാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. മനുഷ്യവംശത്തിനാകമാനമായി ദൈവം സൃഷ്ടിച്ച സമ്പത്ത് ന്യായമായ രീതിയിലാണ് സമ്പാദിക്കേണ്ടത്. ന്യായത്തിന്റെയും നീതിയുടെയും എല്ലാ താൽപര്യങ്ങളും പാലിച്ചുകൊണ്ടേ അത് കൈവശം വെക്കാൻ പാടുള്ളൂ എന്ന ബോധം ഇസ്‌ലാം വളർത്തിയെടുക്കുന്നു. "അവരുടെ ധനത്തിൽ ആവശ്യക്കാരനും ഉപജീവനമാർഗം തടയപ്പെട്ടവനും നിർണിതമായ അവകാശമുണ്ട്"(70:24-25, 51:19) എന്ന് ഖുർആൻ ആവർത്തിച്ച് വ്യക്തമാക്കുന്നു. മുകളിൽ സൂചിപ്പിച്ചതു പോലെ ഇത്തരം അവകാശങ്ങൾ വകവെച്ചു കൊടുക്കാത്തവരെ കൈകാര്യം ചെയ്യാൻ ഭരണകൂടം ബാധ്യസ്ഥമായിരിക്കും.

സകാത്ത് നിഷേധികൾക്കെതിരെ ഒന്നാം ഖലീഫ അബൂബക്കർ(റ) പ്രഖ്യാപിച്ച യുദ്ധം, സാമ്പത്തിക നീതിക്കും പൊതുജനക്ഷേമത്തിനും വേണ്ടി ഭരണകൂടം സ്വീകരിച്ച ഏറ്റവും ശക്തമായ നടപടിയായിരുന്നു.

ഇത് സകാത്തിന്റെ വിഷയത്തിലാണ്. എന്നാൽ ഇസ്‌ലാം സാക്ഷാത്കരിക്കാനാഗ്രഹിക്കുന്ന നീതിയും പൊതുക്ഷേമവും കൈവരിക്കാൻ വേണ്ടി മറ്റ് മാർഗങ്ങൾ സ്വീകരിക്കാനും ഭരണകൂടത്തിന് അധികാരമുണ്ടായിരിക്കും. സയ്യിദ് ഖുതുബ് എഴുതുന്നു: "ഇസ്‌ലാമിലെ വ്യക്തി ഉടമാവകാശ വ്യവസ്ഥ ലാഭത്തിന്റെയോ മൂലധനത്തിന്റെ തന്നെയോ ഒരു പങ്ക് രാഷ്ട്രത്തിനുവേണ്ടി പിടിച്ചെടുക്കുന്നത് തടയുന്നില്ല. എന്നാലും ഇസ്‌ലാമിന്റെ വ്യക്തി ഉടമാവകാശ വ്യവസ്ഥ ലാഭത്തിന്റെയോ മൂലധനത്തിന്റെ തന്നെയോ ഒരു പങ്ക് രാഷ്ട്രത്തിനുവേണ്ടി പിടിച്ചെടുക്കുന്നത് തടയുന്നില്ല. എന്നാലും ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ പൂർണമായും വീക്ഷിക്കപ്പെടേണ്ടതുണ്ട്. നിയമവിധേയമായ നിലയിൽ പോഷിപ്പിക്കാനും കൈവശം വെക്കാനുമുള്ള അനുവാദം വ്യക്തിക്ക് നൽകണം...........

ഉമർ(റ) തനിക്ക് സംശയം തോന്നിയ ഗവർണർമാരോട്, അവരുടെ സമ്പാദ്യത്തിൽ പകുതി പൊതു ഭണ്ഡാരത്തിൽ ഏൽപിക്കണമെന്ന് ആജ്ഞാപിക്കുകയുണ്ടായി. അവരുടെ ധനത്തിൽ അവരുടെ പദവി ഉപയോഗപ്പെടുത്തി സമ്പാദിച്ചത് ഉണ്ടായിരുന്നു എന്നതാണ് കാരണം. ആ കൽപനക്കാധാരം പൊതുതാൽപര്യമാണ്" (ഇസ്‌ലാമിലെ സാമൂഹിക നീതി 232, 226). രാജ്യത്തിന്റെയും ജനങ്ങളുടെയും ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ നിയമങ്ങൾ നിർമിച്ച് നടപ്പിലാക്കാൻ മസ്വാലിഹുൽ മുർസല എന്ന കർമശാസ്ത്രതത്വം ഗവൺമെന്റിന് അധികാരം നൽകുന്നുണ്ട്.

ഭൂസ്വത്ത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇസ്‌ലാമിക ആദർശത്തിന്റെയും വ്യവസ്ഥിതിയുടെയും സ്ഥാപനമാണ് മുകളിൽ സൂചിപ്പിച്ചത്. പൗരന്മാർക്ക് തല ചായ്ക്കാൻ മണ്ണില്ലാതെ അലയേണ്ടുന്ന അവസ്ഥ ഇസ്‌ലാമിക രാഷ്ട്രത്തിലുണ്ടാവുകയില്ല.

ഭൂമാഫിയക്കുമുമ്പിൽ നിസ്സഹായമായ സർക്കാറിനെയാണ് നമുക്ക്

കാണാൻ കഴിയുന്നത്. ഒരു ഉദാഹരണം കാണുക: "സംസ്ഥാനത്ത് ഭൂമിയിന്മേലുള്ള നിക്ഷേപം വർധിച്ചു വരുന്നു. സാധാരണക്കാരിൽനിന്നും പാവപ്പെട്ടവരിൽനിന്നും ഭൂമി മോഹവിലയ്ക്ക് വാങ്ങിക്കൂട്ടുന്ന ലാന്റ് മാഫിയ ശക്തി പ്രാപിക്കുന്നു. ഒരുപിടി സമ്പന്നരുടെ കൈവശം ധാരാളം ഭൂമി എത്തിച്ചേരും. സാധാരണക്കാരന് ഭൂമി അലഭ്യമായ വസ്തുവായിത്തീരുക എന്നതാണ് ഇതിന്റെ ഫലം.....

പാവപ്പെട്ടവർ ജന്മനാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെടാനും സമ്പന്നരുടെ ഒരു പുതിയ സാമൂഹിക ക്രമം രൂപപ്പെടാനും ഇതിടയാക്കും" (സംസ്ഥാന ഭൂ നയം, കരടുരേഖ, ആമുഖത്തിൽനിന്ന്).

മറുവശത്ത് എന്താണ് ജനങ്ങളുടെ അവസ്ഥ?! ബന്ധുക്കളുടെ ജഡം അടക്കം ചെയ്യാൻ അടുക്കള പൊളിച്ച് കുഴിയെടുക്കേണ്ടിവരുന്നവർ, പൊളിക്കാൻ അടുക്കള കൂടിയില്ലാത്തവർ! ഭൂമിക്ക് വേണ്ടി സമരം ചെയ്ത മുത്തങ്ങയിലെ ആദിവാസികൾക്ക് നേരെ നിയമപാലകർ തന്നെയാണ് വെടിയുതിർത്തത്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി പ തിറ്റാണ്ടുകൾ കഴിഞ്ഞിട്ടും കേരളത്തിൽ 26 ലക്ഷം പേർക്ക് ഭൂമിയുടെ അവകാശമില്ല. ഭൂപരിഷ്കരണ നിയമം തോട്ടമുടമകളെയും ഭൂസ്വാമിമാരെയും സുരക്ഷിതരാക്കുന്നു. സമ്പന്നർക്ക് വേണ്ടി ഐ.ടി പാർക്കുകൾ, ഇക്കോ പാർക്കുകൾ, ഹെൽത്ത് പാർക്കുകൾ, സ്മാർട്ട് സിറ്റികൾ, പ്രത്യേക സാമ്പത്തിക മേഖലകൾ തുടങ്ങിയവ രൂപപ്പെട്ടുവരുന്നു. ഇവമൂലം ഭൂരഹിതരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടേയിരിക്കുന്നു. വൻ വ്യവസായികളുടെയും തോട്ടമുടമകളുടെയും പക്കൽ തരിശായി കിടക്കുന്ന ഭൂമി ധാരാളമുണ്ട്. ഭൂമിയില്ലാത്തവർക്ക് മിനിമം ഭൂമി നൽകാൻ സർക്കാർ തീരുമാനിച്ചാൽ മാറ്റാൻ കഴിയുന്നതേയുള്ളൂ കേരളത്തിലെ ഭൂരഹിതരുടെ പ്രശ്നം. എന്നാൽ അതിന് അസാമാന്യമായ ഇഛാശക്തിയും ഉന്നതമായ ഒരാദർശത്തിന്റെ പിൻബലവും ആവശ്യമാണ്. അതാണ് നമ്മുടെ ഭരണാധികാരികൾക്ക് ഇല്ലാതെ പോയതും പ്രവാചകനും ഖലീഫമാർക്കുമൊക്കെ വേണ്ടുവോളമുണ്ടായിരുന്നതും. ■